നം.എൽ.എഫ്.കെ.പി.1/537/2008 തീയതി: 21.10.2008

# കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **215 (4)**-ാം വകുപ്പ് ,**1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13**-ാം വകുപ്പ് ,**1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. പി.ജെ.ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ **2006-07** സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് **1.4.07** മുതൽ **21.4.08** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള **29.2.08** വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| **22.4.08** മുതൽ **30.4.08** വരെ | **2006-07**വർഷത്തെ വരവ് ചെലവ് കണക്കുകൾ | ശ്രീ. പി.എസ്. നന്ദകുമാർ - ഓഡിറ്റ് ഓഫീസർ<br>ശ്രീ. സാബു സി. ജോർജ്<br>ശ്രീമതി സ്മിതാ ജി. നായർ<br>-ഓഡിറ്റർമാർ |

## നിർവഹണാധികാരികൾ

*പ്രസിഡന്റ്* : ശ്രീ. ഷേർലി തര്യൻ (**1.4.06-31.3.07**)

*സെക്രട്ടറി* :
1. ശ്രീ. വി.വിജയൻ (**1.4.06** മുതൽ **30.12.06** വൈകുന്നേരം വരെ)
2. ശ്രീ. കെ.വി.ശശീന്ദ്രൻ (**30.12.06** വൈകുന്നേരം മുതൽ **28.2.07** വൈകുന്നേരം വരെ)
3. ശ്രീ. മണികണ്ഠൻ നായർ ( **28.2.07** വൈകുന്നേരം മുതൽ **31.3.07** വരെ)

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

***ഭാഗം 1:- പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

***ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

***ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില ,ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1 - പൊതുഅവലോകനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ **2006-07** വർഷത്തെ ബജറ്റ് **30.3.06** ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് **22069500** രൂപയും ആകെ ചെലവ് **22069500** രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം **2006-07** വർഷത്തെ ആകെ വരവ് **13089611** രൂപയും ആകെ ചെലവ് **11689211** രൂപയും ആണ്. പഞ്ചായത്തിന്റെ തനതുവിനിയോഗത്തിന് ലഭിച്ച യഥാർത്ഥ വരവ് (ഋണബാദ്ധ്യത കിഴിച്ചുള്ള വരവ്) **10770477** രൂപയാണ്.

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ **1596** രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ **2766031** രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ **2,3** ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ അനുശാസിച്ചിട്ടുള്ള പ്രാഥമിക നടപടി ക്രമങ്ങൾ പാലിക്കാതെയാണ് തൻവർഷത്തെ ബജറ്റ് പാസാക്കിയിട്ടുള്ളതെന്ന് കാണുന്നു. ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികൾ മുഖേന വിശദമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിൽ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

അവശ്യം സൂക്ഷിക്കേണ്ടതായ പല രജിസ്റ്ററുകളും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ( അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ഋണശീർഷ തുകകളുടെ വരവ്/ അടവുവിവരം കാണിക്കുന്ന രജിസ്റ്റർ, ലേല രജിസ്റ്റർ മുതലായവ) ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്/ചെലവ് ഇനങ്ങളുടെ ശീർഷകങ്ങൾ താരതമ്യേന കുറവായിരുന്നെങ്കിലും പുതിയ അക്കൗണ്ടിങ് സമ്പ്രദായത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വരവ്/ ചെലവ് രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്. നിലവിൽ സൂക്ഷിച്ചിട്ടുള്ള പല രജിസ്റ്ററുകളും അപൂർണമാണ്. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ

അധീനതയിലുള്ള ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ജി.ഒ (പി) **319/03**/ഫിൻ തീയതി: **12.6.03** പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തിന് ബാധകമായിട്ടുള്ളതുമായ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പൂർണമായ രീതിയിൽ അനുവർത്തിക്കുന്നില്ല. ട്രഷറി, ബാങ്ക്, പോസ്റ്റോഫീസ്,ഇൻവെസ്റ്റിമെന്റ് ബാലൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കാഷ് ബുക്ക് പ്രകാരം കണക്കാക്കിയിട്ടുള്ള നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമാകുന്നില്ല. വിവിധ അക്കൗണ്ട് ബാലൻസുകളുടെ റെക്കൺസിലിയേഷൻ നടത്തിയിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ ഓഡിറ്റിന് സമർപ്പിച്ച തൻവർഷത്തെ വാർഷിക കണക്കുകളുടെ ആധികാരികത സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നില്ല. (4.1 കൂടി കാണുക.)

ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിനങ്ങളിൽ നിന്നുള്ള ചെലവിനങ്ങളുടെ പരിശോധനയിൽ മുൻവർഷത്തെ പദ്ധതി നിർവഹണത്തിന് വേണ്ടിയുള്ള ചെലവുകൾക്കായി 06-07 സാമ്പത്തിക വർഷം തുക പിൻവലിച്ചിട്ടുള്ളതായി കണ്ടെത്തി. നിശ്ചിത പരിധി അധികരിച്ചിട്ടുള്ള ചെലവുകൾ തുടർന്നുള്ള വർഷങ്ങളിൽ നടത്തുന്നത് ക്രമപ്രകാരമല്ല.

ബ്ലോക്ക് പഞ്ചായത്തിലെ വാഹനത്തിന്റെ (കെ.എൽ.**5** എച്ച് **341** എന്ന രജിസ്ട്രേഷൻ നമ്പരിലുള്ള ജീപ്പ് ) ഇന്ധനചാർജിനത്തിലുള്ള ചെലവിന് **2515-00-001-49-45** പി.ഒ.എൽ. (എൻ. പി.) എന്ന ശീർഷകത്തിൽ 5000 രൂപയുടെ ട്രഷറി അലോട്ട്മെന്റ് **06-07** വർഷം ബ്ലോക്കോഫീസിന് ലഭിച്ചിട്ടുണ്ട്. ടിയിനത്തിൽ 4960 രൂപ ട്രഷറി ബിൽ പ്രകാരം ചെലവഴിച്ചതായി കാണുന്നു. കൂടാതെ വാഹനത്തിന്റെ ഇന്ധനചാർജിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. ഒരേ സ്വഭാവത്തിലുള്ള ചെലവിന് ബ്ലോക്കോഫീസിന്റെ ട്രഷറി അലോട്ട്മെന്റിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## കേരള വികസന പദ്ധതി - അവലോകനം

തൻവർഷത്തെ പദ്ധതി വിഹിതമിനത്തിലെ അലോക്കേഷൻ /ചെലവ് സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | അലോക്കേഷൻ (രൂപ) | ചെലവ് (രൂപ) |
|---|---|---|
| പൊതുവിഭാഗം | **5674000** | **4494265** |
| പ്രത്യേക ഘടകപദ്ധതി | **1637000** | **2060377** |
| പട്ടികവർഗ്ഗ ഉപപദ്ധതി | **131000** | **131000** |
| ആകെ | **7442000** | **6685642** |

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതികളിൽ **69** പദ്ധതികൾ (സ്പിൽ ഓവർ ഉൾപ്പെടെ) തൻവർഷം നടപ്പിലാക്കി . കൂടാതെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആറ് പ്രോജക്ടുകളും നടപ്പിലാക്കി. തൻവർഷം നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം **2007-08** ലെ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടിയിനം പദ്ധതികളുടെ വിവരങ്ങളും അന്തിമപദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് വനിതാവ്യവസായ പരിശീലന കേന്ദ്രത്തിന് ''ബ്ലോക്ക് കെട്ടിട നിർമ്മാണം''എന്ന പ്രോജക്ട് **06-07** ൽ ഏകവർഷ പദ്ധതിയായി ഏറ്റെടുത്തുവെങ്കിലും ഓഡിറ്റ് തീയതി വരെ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വ്യവസായ പരിശീലനം ആരംഭിക്കുക എന്ന പ്രോജക്ടിന്റെ ലക്ഷ്യം നേടിയെടുക്കുന്നതിന് ഇനിയും കാലവിളംബം ഉണ്ടാകുമെന്ന സ്ഥിതി വിശേഷം കാണപ്പെട്ടു. വിവിധ പദ്ധതികൾക്കായുള്ള ഫണ്ട്

കൈമാറ്റം, ഇലക്ട്രിസിറ്റി ബോർഡ്/വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള നിക്ഷേപം, ഭവനനിർമ്മാണ ധന സഹായം (ഐ. എ.വൈ. അധിക ധനസഹായം ഉൾപ്പെടെ), ജലസേചന/കുടിവെള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങളുടെ പൂർത്തീകരണം, ലൈബ്രറികൾക്കും ക്ലബുകൾക്കും ഫർണിച്ചർ നൽകൽ മുത ലായ ഇനങ്ങളിലാണ്

ഗണ്യമായ തുകയും ചെലവഴിച്ചിട്ടുള്ളത്. ഡിപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം, ജല സേചന/കുടിവെള്ള പദ്ധതികളുടെ അന്തിമമായ പൂർത്തീകരണം മുതലായവ സംബന്ധിച്ച് രേഖാപര മായ യാതൊരു വിവരങ്ങളും ഓഡിറ്റിന് ലഭിക്കുകയുണ്ടായില്ല.

### കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകൾ (കാറ്റഗറി ബി ഫണ്ട്)

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പാമ്പാടി ഗവൺമെന്റ് ഹോസ്പിറ്റൽ പൈക കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മുണ്ടൻകുന്ന് പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയുടെ വിവിധ ചെലവുകൾക്കായുള്ള **2210–01–197–50** (എൻ.പി) എന്ന ശീർഷകത്തിൽ മാത്രമാണ് കാറ്റഗറി ബി. ഫണ്ട് ഇനത്തിൽ തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് തലത്തിൽ വ്യത്യസ്ത ഇനങ്ങളിലുള്ള ചെലവുകൾക്കായി തുക അനു വദിക്കുന്നുവെങ്കിലും ആയതിന്റെ അപ്രോപ്രിയേഷൻ നടത്തുന്നതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനമേധാവികളുടെ ആവശ്യാനുസരണം തുക അനുവദിച്ചു നൽകുന്ന രീതിയാണ് നിലവിലുള്ള ത്. ഓരോ സ്ഥാപനങ്ങളുടേയും ഓഫീസ്/കണ്ടിജൻസി ചെലവുകൾക്കായി ബ്ലോക്ക് തലത്തിൽ വിശദ മായ അപ്രോപ്രിയേഷൻ നടത്തേണ്ടതാണ്. ആരോഗ്യവകുപ്പിൽ നിന്നും കൈമാറിയ സ്ഥാപന ങ്ങൾക്കുള്ള തുക സർക്കുലർ നമ്പർ **4831/എം 2**/(ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) തീയതി **26.2.97** ലെ നിർദ്ദേശങ്ങൾ പ്രകാരം മാത്രം വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### കാറ്റഗറി .സി. ഫണ്ട് (മെയിന്റനൻസ് ഗ്രാന്റ്)

തൻവർഷത്തെ ബജറ്റ് അലോക്കേഷനായി **1073000** രൂപ നിശ്ചയിച്ചിരുന്നുവെങ്കിലും ലെറ്റർ ഓഫ് അതോറിറ്റി പ്രകാരം **1072961** രൂപ മാത്രമാണ് തൻവർഷം BPFA .III അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തത്. ഇതിൽ **537008** രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. തൻവർഷം ടിയിന ത്തിൽ **50%** മാത്രം ചെലവഴിച്ചിരിക്കുന്നതിനാൽ നിശ്ചിത പരിധിയിൽ താഴെയുള്ള തുക – **(90–50=40%)** അതായത് ഏകദേശം 429184 രൂപ തുടർന്നുള്ള വർഷത്തിൽ കുറവ് ചെയ്യപ്പെടുന്ന താണ്. പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ഗണ്യമായ തുക ബ്ലോക്ക് പഞ്ചായ ത്തിന് നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

### കേന്ദ്രാവിഷ്കൃത പദ്ധതി– ഭക്ഷ്യധാന്യ വിതരണത്തിലെ അപാകതകൾ

കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കപ്പെട്ട ചില മരാമത്ത് പ്രവൃത്തികൾക്കായി ആവശ്യമുള്ളതിലധികം ഭക്ഷ്യധാന്യം ഉയർന്ന സബ്സിഡിയോട് കൂടി അനുവദിച്ചിട്ടുള്ളതായി കാണു ന്നു. ഈ സാഹചര്യത്തിൽ സബ്സിഡിയുടെ പ്രയോജനം ഇടനിലക്കാർ ദുരുപയോഗം ചെയ്തതായി സംശയിക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ തുടർഅന്വേഷണം ആവശ്യമാണ്.

# ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2 – 1) എ) രസീത് പരിശോധന

1.4.07 മുതൽ 21.4.08 വരെ രസീതു പ്രകാരം നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. കാഷ് ബുക്ക് 29.2.08 നു ശേഷം എഴുതിയിട്ടി ല്ലാത്തതിനാൽ ടി തീയതിക്കു ശേഷമുള്ള പണം പിൻവലിക്കൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കാഷ് ബുക്ക് ദൈനംദിനവും മാസാന്ത്യവും ക്ലോസ് ചെയ്യുന്നുവെങ്കിലും , വിവിധ അക്കൗണ്ടു കളുമായി പൊരുത്തപ്പെടുന്നില്ല. 29.2.08 ൽ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും, വിവിധ അക്കൗണ്ടുകളുടെ പാസ്സു ബുക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പും ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | കാഷ് ബുക്ക് പ്രകാരമുള്ളത് (രൂപ) | പാസ് ബുക്ക്/ട്രഷറി സ്ക്രോൾ പ്രകാരമുള്ള ബാലൻസ് (രൂപ) |
|---|---|---|
| ബി.പി.എഫ്. എ . I | 1401957 | 1467184 |
| എസ്.ജി.ആർ.വൈ. | 952716 | 972181 |
| എസ്.ജി.എസ്.വൈ. | 98665 | 118565 |
| ഐ.എ.വൈ. | 1065673 | 1220643 |
| BPFA.II (a),(b),(c) | 271519 | 1701419 |

വിവിധ അക്കൗണ്ട് ബാലൻസുകളുടെ പൊരുത്തപ്പെടുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് .

## ബി) രണ്ടുതരം രസീത് ബുക്കുകൾ ഉപയോഗിച്ച് പണം പിരിവ് നടത്തുന്നത് സംബന്ധിച്ച്

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ഫോറം നം VII ഫോറം നം XXXIII എന്നീ രണ്ടു തരം രസീതു ബുക്കുകൾ പണം പിരിവിന് ഉപയോഗിക്കുന്നുണ്ട്.

ഫോറം നമ്പർ VII ന്റെ **182, 183, 184, 185, 186** എന്നീ നമ്പരുകളിലുള്ള രസീതു ബുക്കു കളിൽ **182**–ാം നമ്പർ രസീതു ബുക്ക് പണം പിരിവിന് ഉപയോഗിച്ചതിനു ശേഷം ഫോറം നം XXXIII ന്റെ **88215** – ാം രസീതു ബുക്കുപയോഗിച്ചാണ് പണം പിരിവ് നടത്തുന്നത്. ടി രസീതു ബുക്കുകളുടെ വിവരങ്ങൾ **2** സ്റ്റോക്ക് രജിസ്റ്ററിലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രസീതു ബുക്കുകളുടെ സ്റ്റോക്കു വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതി ഏകീകരിക്കാനുള്ള നടപടി സ്വീകരി ക്കേണ്ടതാണ്.

## സി) ഡിമാന്റ് ഡ്രാഫ്റ്റ് വിതരണ രജിസ്റ്റർ ശരിയായ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഡി.ഡി. വിതരണ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷി ക്കുന്നില്ല. ട്രഷറിയിൽ നിന്നും ബില്ലുകൾ മാറി ഡി.ഡി. കൾ ലഭിക്കുമ്പോൾ വിശദാംശങ്ങൾ (എണ്ണം, തുക , പേര്) രജിസ്റ്ററിൽ ചേർക്കുന്നില്ല. ഡി.ഡി. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുമ്പോഴാണ് വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. കൂടാതെ **3/2008** ൽ മാറിയ ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ പേരിലുള്ള 16 ഡി.ഡി.കൾ (ആകെ

തുക –**33779** രൂപ) ഓഡിറ്റ് തീയതി  വരെ പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അയച്ചു കൊടുത്തിട്ടില്ല . ആയവ അടിയന്തിരമായി അടവാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2 – 2) പണം പിൻവലിക്കൽ – അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചതിൽ ചെക്കിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ വലിയ തുകകൾ കുറവ് ചെയ്തിരിക്കുന്നതായി കാണുന്നു.  വിശദവിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | തീയതി | ഈടാക്കിയ തുക(രൂപ) | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| എസ്.ജി.ആർ.വൈ | **16.4.07** | **240** | കളക്ഷൻ ചാർജ് |
| എസ്.ജി.ആർ.വൈ | **30.6.07** | **380** | എക്സസ്സ് ഡ്രോവൽ ഇൻ എസ്.ബി. |
| എസ്.ജി.ആർ.വൈ | **3.9.07** | **965** | കളക്ഷൻ ചാർജ് |
| ഐ.എ.വൈ | **30.6.08** | **4220** | എക്സസ്സ് ഡ്രോവൽ ഇൻ എസ്.ബി. |

ഗണ്യമായ തുക കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.  ആവശ്യത്തിൽ കൂടുതൽ തുക ഈടാക്കിയതായി കാണുന്ന പക്ഷം ടി തുക അക്കൗണ്ടിലേയ്ക്ക് 'ക്രെഡിറ്റ് ബാക്ക്' ചെയ്യുന്നതിനുള്ള  നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2 – 3) ട്രഷറിയിൽ നിന്നും ബിൽ പ്രകാരം പിൻവലിക്കുന്ന തുകകളുടെ വിതരണത്തിനായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ട് – ഇടപാടുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കാത്തതു സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിൽ ട്രഷറി ബില്ലുകൾ പ്രകാരം പിൻവലിക്കുന്ന  ആയിരം രൂപയിൽ കൂടുതലുള്ള തുകകൾ വിതരണം ചെയ്യുന്നതിനു മുമ്പായി എസ്.ബി.റ്റി. യിൽ **57050836555** എന്ന നമ്പരിലുള്ള അക്കൗണ്ടിൽ താത്ക്കാലികമായി നിക്ഷേപിക്കുന്നുണ്ട്. വിവിധ തീയതികളിൽ ടി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുകകളുടെ ബിൽ  വിശദാംശങ്ങൾ മനസ്സിലാക്കുന്നതിന് ഓഡിറ്റിൽ  കഴിഞ്ഞിട്ടില്ല. കൂടാതെ വിതരണം ചെയ്യുന്നതിന് ചെക്കുകൾ വഴി ഡിമാന്റ് ഡ്രാഫ്റ്റുകളാക്കി പിൻവലിക്കുന്ന തുകകളുടെ കൃത്യത  (ഡി.ഡി കളുടെ എണ്ണം , തുക,വിതരണം ചെയ്ത തീയതി) ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. **7.4.08** ൽ ടി അക്കൗണ്ടിൽ **648169** രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.  ( പാസ് ബുക്ക് പ്രകാരം) ബില്ലുകൾ പ്രകാരം പിൻവലിക്കുന്ന തുകകൾ ദീർഘകാലം വിതരണം ചെയ്യപ്പെടാതെ ടി അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല.

മേൽ വിശദാംശങ്ങൾ  വ്യക്തമാക്കുന്ന രീതിയിൽ  ചെക്ക് ഇഷ്യൂ രജിസ്റ്ററിന് പുറമെ  ഒരു രജിസ്റ്റർ ( അനുബന്ധം ബി.VI  പ്രകാരമുള്ളത്.)  സൂക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാറ്റഗറി  'എ' ഫണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്ററിന്റെ പേജ് **43** ൽ **247933** രൂപയുടെ ഡി.ഡി. ക്യാൻസൽ ചെയ്ത് തിരികെ ക്രെഡിറ്റിൽ  ചേർത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.  ഇതിന്റെ വിശദാംശങ്ങൾ  (ക്യാൻസൽ ചെയ്ത് ഡി.ഡി.കളുടെ എണ്ണം ഓരോ ഡി.ഡി. യുടെയും തുക ഏത് പ്രോജക്ടിന് വേണ്ടി പിൻവലിച്ചു,  ഡി.ഡി. ലഭിക്കേണ്ട വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്, ക്യാൻസൽ ചെയ്യാനുള്ള കാരണം) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(ടി സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.**2/08**) മറുപടി സമർപ്പിച്ചത് ഓഡിറ്റ് പൂർത്തീകരിച്ചതിന് ശേഷമാണ്. ആയതിനാൽ ഡി.ഡി. എടുത്തതിൽ മേൽവിലാസത്തിൽ പിഴവുണ്ടായതെന്നുള്ള വിശദീകരണത്തിന്റെ നിജസ്ഥിതി ഓഡിറ്റിൽ ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.)

## ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3–1) പദ്ധതി രൂപീകരണം ബി.എൽ.റ്റി.സി യുടെ ചെലവുകൾക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച തുക ക്രമീകരിച്ചിട്ടില്ലാത്തത് – സംബന്ധിച്ച്

പാമ്പാടി ബ്ലോക്ക് തല സാങ്കേതീക വിദഗ്ധ സമിതിയുടെ **20.6.06** മുതൽ **28.6.06** വരെയുള്ള ഭക്ഷണച്ചെലവുകൾക്കായി **7626** (ചെക്ക് നമ്പർ **0239001/30.6.06**) രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തിരിച്ചടവ് വ്യവസ്ഥയിൽ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ടി തുക തിരികെ ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3–2) ലൈബ്രറികൾ, ക്ലബുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ മുതലായവയ്ക്ക് കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ – അപാകതകൾ

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് താഴെ വിവരിക്കും പ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയിട്ടു ള്ളതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | എസ്. **038/07** | ക്ളബുകൾക്കും ലൈബ്രറികൾക്കും ഉപകരണങ്ങൾ/ പുസ്തകങ്ങൾ | അടങ്കൽ **153000** രൂ. |
| 2 | എസ്. **093/07** | ലൈബ്രറികൾക്ക് ഫർണീച്ചറും പുസ്തകങ്ങളും | അടങ്കൽ **133800** രൂ. |
| 3 | എസ്. **020/07** | ആനിക്കാട്/ഇളംപള്ളി യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ | അടങ്കൽ **50000** രൂ. |
| 4 | എസ്.**094/07** | സ്കൂളുകൾക്ക് കമ്പ്യൂട്ടർ | അടങ്കൽ **100000** രൂ. |
| 5 | എസ്.**033/07** | ഇടയ്ക്കാട്ടുകുന്ന് സാംസ്ക്കാരിക കേന്ദ്രത്തിന് ഫർണീച്ചറുകൾ | അടങ്കൽ **40000** രൂ. |
| 6 | എസ്.**040/07** | അംഗൻവാടി ഉപകരണങ്ങൾ | അടങ്കൽ **70500** രൂ. |

മേൽ പ്രോജക്റ്റുകളുടെ നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) **40/2004** പ്ലാനിംഗ് തിയതി **31.3.04**, തുടർന്നുള്ള ഭേദഗതി ഉത്തരവുകൾ എന്നിവയിൽ ഒന്നും തന്നെ പരാമർശിച്ചിട്ടില്ലാത്ത ഒരിനമാണ് ലൈബ്രറികൾക്കും ക്ലബുകൾക്കും ഫർണീച്ചറുകളും ഉപകരണങ്ങളും നൽകുക എന്നത്. ആയതിനാൽ ഇത്തരം പ്രോജക്റ്റുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ അംഗീകാരം നൽകിയ ജില്ലാ ആസൂത്രണ സമിതിയുടെ നടപടി ക്രമവിരുദ്ധമാണ്. പദ്ധതി വിഹിതത്തിൽ നിന്നുള്ള ഇത്തരം ചെലവുകൾക്ക് സർക്കാരിന്റെ സാധൂകരണം ആവശ്യമാണ്.

2. മേൽ പ്രോജക്റ്റുകൾ പ്രകാരം നടത്തിയ ഉപകരണം–ഫർണീച്ചർ വാങ്ങലുകളിൽ സ്റ്റോർ പർചേസ് ചട്ടങ്ങൾ പൂർണ്ണമായി പാലിച്ചിട്ടുള്ളതായി കാണുന്നില്ല. മുൻവർഷങ്ങളിലും തുടർന്നുള്ള വർഷങ്ങളിലും സമാനമായ പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വർഷങ്ങളിലും പ്ലാസ്റ്റിക് കസേരകൾ ഫൈബർ കെം കൂരോപ്പട എന്ന സ്ഥാപനവും സ്റ്റീൽ അലമാരകളും മറ്റും അഫ്സൽ മെറ്റൽസ് , ആലപ്പുഴ എന്ന സ്ഥാപനവും സപ്ലൈ ചെയ്തിട്ടുള്ളതായി കാണുന്നു. വിൽപ്പനാന്തര സേവനത്തിലും ഗുണനിലവാരത്തിലും കൂടുതൽ പരിഗണന നൽകേണ്ട കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രാദേശികമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. തൻവർഷം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്തിട്ടുള്ള 'ഇൻസ്പയർ ഡിജിറ്റൽ എക്സ്ട്രീംസ് ' (Inspire Digital Extremes) പള്ളിക്കത്തോട് എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് സമ്പാദിച്ചിട്ടുള്ള അംഗീകൃത സ്ഥാപനമാണോ യെന്ന് പോലും അധികൃതർ ഉറപ്പു വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്വട്ടേഷൻ ഇടപാടുകളിൽ രഹസ്യ സ്വഭാവം പാലിച്ചിട്ടുണ്ടോ എന്നും സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങൾ ഗുണനിലവാരം പുലർത്തുന്നവയാണോയെന്നും വ്യക്തമല്ല.

3. യു.പി. സ്കൂളുകളിലും എൽ.പി. സ്കൂളുകളിലും നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ മുതലായവ യഥാർത്ഥത്തിൽ ടി സ്ഥാപനങ്ങളിൽ ആവശ്യമായിരുന്നോയെന്ന് വ്യക്തമല്ല. ആയവയുടെ സുരക്ഷിതത്വവും കാര്യക്ഷമവുമായ ഉപയോഗം സംബന്ധിച്ച് കരാർ ചമയ്ക്കാതെ നിരുപാധികം കൈമാറിയിട്ടുള്ളതായി കാണുന്നു. യഥാർത്ഥ ആവശ്യം പരിഗണിക്കാതെ വാങ്ങി നൽകിയിട്ടുള്ള സാധനങ്ങൾ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റിയിട്ടുള്ളതായും , ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ഉദാഹരണമായി വെള്ളൂർ സെൻട്രൽ എൽ.പി.എസിന് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പാലാമ്പടം തോമസ് മെമ്മോറിയൽ ജി.എച്ച്.എസി ലേയ്ക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു.

മേൽ അപാകതകൾ മുൻനിർത്തി വിവിധ പ്രോജക്ടുകൾക്കായി തൻവർഷം ചെലവഴിച്ചിട്ടുള്ള 537263 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | വാങ്ങിയ സാധനങ്ങൾ ഉപകരണങ്ങൾ | വിതരണം ചെയ്ത സ്ഥാപനം | തുക (രൂപ) | ബിൽ നം. ഡി.ഡി.നം. തീയതി | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | എസ്. **038/07** | 170 പ്ലാസ്റ്റിക് കസേരകൾ | ഫൈബർ കെം (കൂരോപ്പട) | **37400** | **355577/ 26.12.06** | (തുക **74800**) |
| | | 4 കളർ ടി.വി. (എൽ.ജി.) സ്റ്റാന്റ് സഹിതം | പുത്തൻപ്ലാക്കൽ ഏജൻസീസ് പള്ളിക്കത്തോട് | **36000** | **40/06-07/ 12.1.07** | - |
| | | 8 അലമാര (സ്റ്റീൽ) 3 സ്റ്റീൽ മേശ 3സ്റ്റീൽ റാക്ക് | അഫ്സൽ മെറ്റൽസ് ആലപ്പുഴ | **38670** | **355729/ 19.1.07** | ആകെ തുക **67470** |

| | | | | | | |
|---|---|---|---|---|---|---|
| | | പുസ്തകങ്ങൾ (ബാലസാഹിത്യ കൃതികൾ) | ഡി.സി. ഹെറിറ്റേജ് ബുക്ക് ഷോപ്പ് കോട്ടയം | 6000 | 355915/ 19.2.07 | – |
| | | ,, | ,, | 7430 | 701944/ 22.3.07 | – |
| | | ബുക്ക് സ്റ്റാന്റ് (ഷെൽഫ്) | എൻ.എസ്. ഇൻഡസ്ട്രീസ് പാദുവ | 27500 | 29.3.07 | – |
| | | **ആകെ** | | 153000 | | |
| | എസ്. 093/07 | 193 പ്ലാസ്റ്റിക് കസേരകൾ | ഫൈബർ കെം (കൂരോപ്പട) | 42460 | 82/06–07/2 3.3.07 | |
| 2 | | 3 കളർ ടി.വി.(എൽ. ജി.) സ്റ്റാന്റ് സഹിതം | ക്ലാസിക് ഇല ക്ട്രോണിക്സ് | 25500 | | |
| | | പുസ്തകങ്ങൾ | കറന്റ് ബുക്ക്സ് കോട്ടയം | 25020 | 86/06–07/ 29.3.07 | 4 ലൈബ്രറി കൾക്കായി പുസ്തകങ്ങൾ വാങ്ങിയിരിക്കു ന്നു. |
| | | 5 സ്റ്റീൽ അല മാരകൾ<br>4 സ്റ്റീൽ മേശ | അഫ്സൽ മെറ്റൽസ് ആലപ്പുഴ | 40660 | | |
| | | **ആകെ** | | 133640 | | |
| 3 | എസ്. 020/07 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപ കരണങ്ങളും (2 യൂണിറ്റ് വീതം) | ഇൻസ്പെയർ ഡിജിറ്റൽ എക്സ്ട്രീംസ് പള്ളിക്കത്തോട് | 45008 | 32/06–07/ 26.12.06 | ഡി.ഡി.നം. 501051/ 29.12.06 |
| | | **ആകെ** | | 45008 | | |
| 4 | എസ്. 094/07 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപ കരണങ്ങളും(4 യൂണിറ്റ് വീതം) | ഇൻസ്പെയർ ഡിജിറ്റൽ എക്സ്ട്രീംസ് പള ളിക്കത്തോട് | 99770 | 79/06–07/ 14.3.07 | – |
| | | **ആകെ** | | 99770 | | |
| 5 | എസ്. 033/07 | ഓഫീസ് ടേബിൾ, ഷെൽഫ്, അല മാര മുതലായവ | ഫൈബർ കെം (കൂരോപ്പട) | 39645 | 38/06–07/ 8.1.07 | |
| | | **ആകെ** | | 39645 | | |
| 6 | എസ്. 040/07 | 170 പ്ലാസ്റ്റിക് കസേരകൾ | ഫൈബർ കെം (കൂരോപ്പട) | 37400 | **ബിൽ തീയതി:** 26.12.06 | – |

| | | | | | | |
|---|---|---|---|---|---|---|
| | | അലമാര, ടേബിൾ റാക്ക്, കൗണ്ടർ മുതലായവ | അഫ്സൽ മെറ്റൽസ് ആലപ്പുഴ | **28800** | ബിൽ നം. **39/06-07/ 12.1.07** | ഡി.ഡി. നം. **395729/ 19.1.07** ആകെ തുക **67470** |
| | | ആകെ | | **66200** | | |
| | | **ആകെ മൊത്തം** | | **537263** | | |

**3-3) ഡെപ്പോസിറ്റ് വേലകൾ - കരാർ ചമയ്ക്കാതെ തുക കൈമാറി- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.**

ഓഡിറ്റ് വർഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലും വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് വേലകൾക്കായി ഗണ്യമായ തുക നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. വ്യക്തമല്ലാത്ത രീതിയിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ , ബ്ലോക്ക് പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കാതെ , തുക നിരുപാധികം കൈമാറിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും പൂർത്തീകരിക്കാൻ നിർവഹണ ഏജൻസി ചെലവഴിച്ച തുകയുടെ വിവരവും നാളിതുവരെ രേഖാമൂലം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചും ഭൗതീക നേട്ടം സംബന്ധിച്ചും വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല. മേൽ വിശദാംശങ്ങളുടെ അഭാവത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ നിർവഹണത്തിനായി അടവാക്കിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## I) ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകൾ

1 **എസ്.101/07** ഉരുളികുന്നം-താഷ്ക്കന്റ് ഭാഗത്ത് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ- **13464** രൂപ
(88 മീറ്റർ നീളത്തിൽ സിംഗിൾ ഫേസ് ലൈൻ- ഒരു മീറ്ററിന് **153** രൂപ നിരക്കിൽ ) അടച്ച തുക - **13464** രൂപ (ഡി.ഡി നം. **901945/22.3.07**) (ഇലക്ട്രിക്കൽ സെക്ഷൻ -പൈക )

2 **എസ്.016/07** ഉരുളികുന്നം- ഇല്ലിക്കോൺ - താഷ്ക്കന്റ് ഭാഗത്ത് വൈദ്യുതി ലൈൻ
അടങ്കൽ - **33201** രൂപ
അടച്ച തുക -**33201** രൂപ (ബിൽ നം. **19/06-07/4.12.06**) (ഇലക്ട്രിക്കൽ സെക്ഷൻ -പൈക)

3 **എസ്.026/07** മീനടം - 11-ാം വാർഡിൽ കുന്നേൽ ഭാഗം ലൈൻ എക്സ്റ്റൻഷൻ
അടങ്കൽ- **8581** രൂപ (ഗുണഭോക്തൃവിഹിതം **1581** രൂപ ഉൾപ്പെടെ )
ഇലക്ട്രിക്കൽ സെക്ഷൻ പുതുപ്പള്ളിയിൽ അടച്ച തുക **8581** രൂപ(ഡി.ഡി. നം.**355423/4.12.06**)
(കാറ്റഗറി.എ.ഫണ്ടിൽ നിന്നും ബിൽ.നം.**20/06-07** തിയതി **16.11.06** പ്രകാരം **7000** രൂപ പിൻവലിച്ചു).

ഇലക്ട്രിക്കൽ മേജർ സെക്ഷൻ, പുതുപ്പള്ളി, സബ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് തുക (**5** ഇനങ്ങൾ) | **5518** |
| **16 %** ഓവർ ഹെഡ് ചാർജ് | **883** |
| ലേബർ ചാർജ്/ ട്രാൻസ്പോർട്ടേഷൻ ചാർജ് | **1400** |
| | **7801 രൂപ** |

ടി തുകയോടൊപ്പം 10% സൂപ്പർവിഷൻ ചാർജ് എന്ന് കാണിച്ച് 780 രൂപ കൂടി ഉൾപ്പെടുത്തി ആകെ എസ്റ്റിമേറ്റ് തുക 8581 രൂപ എന്ന് അനധികൃതമായി തിരുത്തിയിട്ടുള്ളതായി കാണുന്നു. മുമ്പ് പരാമർശിച്ചിട്ടുള്ള വേലകളുടെ എസ്റ്റിമേറ്റിൽ സൂപ്പർ വിഷൻ ചാർജ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 780 രൂപ കൂടുതൽ അടച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4 **എസ്.022/07** സൗത്ത് പാമ്പാടി ബ്ലോക്ക് ഡിവിഷനിൽ വിവിധ പ്രദേശങ്ങളിൽ വൈദ്യുതീകരണം (മൈലാടി ട്രാൻസ്ഫോർമർ ഏരിയ)
അടങ്കൽ – **71402** (വിവിധ എസ്റ്റിമേറ്റുകളുടെ ആകെ തുക)

പ്രോജക്ട് പ്രൊഫോർമയിലെ കോളം നമ്പർ 10.2 ൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി താഴെ പറയുന്ന അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

"Beneficiary list and property crossing consent may be obtained before issuing T.S"

ടി നിർദ്ദേശം പാലിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിന്റെ ഗുണഫലങ്ങൾ ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

ബിൽ നമ്പർ 23/06 –07 തീയതി 17.11.06 പ്രകാരം പിൻവലിച്ച തുക (**71402** രൂപ) ഏത് ഇലക്ട്രിക്കൽ സെക്ഷനിലാണ് അടച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

5 എസ്.014/07 ആലുങ്കൽതകിടി കോളനി–നെടുംപതാൽ കോളനി വൈദ്യുതീകരണം
അടങ്കൽ –**40545** രൂപ (ആകെ 165 മീറ്റർ നീളത്തിൽ ലൈൻ വലിക്കുന്നതിന് )

ബിൽ നമ്പർ 21/06–07 തീയതി 17.11.06 പ്രകാരം പിൻവലിച്ച **40545** രൂപ ഏത് ഇലക്ട്രിക്കൽ സെക്ഷനിൽ അടച്ചുയെന്ന് വ്യക്തമല്ല.

6 എസ്.032/07 കണ്ണാർ റോഡ് വൈദ്യുതി ലൈൻ (വെള്ളൂർ)
അടങ്കൽ – **10000** (65 മീറ്റർ നീളത്തിൽ വൈദ്യുതി ലൈൻ വലിക്കൽ)

അടച്ച തുക **9945** രൂപ (ബിൽ നമ്പർ 25/06–07 തീയതി: 20.11.06 ഏത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ അടച്ചുവെന്ന് വ്യക്തമല്ല.

7 എസ്.034/07 പങ്ങട–എൻ.എസ്.എസ്. കരയോഗം വരിക്കമാക്കൽ ഭാഗം
അടങ്കൽ – **7650** രൂപ (50 മീറ്റർ നീളത്തിൽ വൈദ്യുതി ലൈൻ)

അടച്ച തുക **7650** രൂപ (ബിൽ നമ്പർ 24/06–07 തീയതി: 17.11.06 ഏത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ അടച്ചുവെന്ന് വ്യക്തമല്ല.

8 എസ്.095/07 പള്ളിക്കത്തോട് ലൈൻ എക്സ്റ്റൻഷൻ (വേരുങ്കൽപാറ –അരുവിക്കുഴിഭാഗം)
അടങ്കൽ – **34824** രൂപ (ലോ ടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കൽ ഉൾപ്പെടെ)

അടച്ച തുക **34472** രൂപ (ബിൽ തീയതി:16.3.07 ഡി.ഡി.നമ്പർ 114757/22.3.07)

പൊളിച്ചുമാറ്റിയ സാധനസാമഗ്രികൾ ബ്ലോക്ക് പഞ്ചായത്തിൽ തിരികെ എല്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

9 എസ്.019/07 പള്ളിക്കത്തോട് ഡിവിഷനിൽ വിവിധ ഭാഗങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ അടങ്കൽ – **77265**രൂപ (505 മീറ്റർ നീളത്തിൽ ലോ ടെൻഷൻ ലൈൻ വലിക്കൽ)

അടച്ച തുക **77265** രൂപ (ബിൽ നമ്പർ 22/06–07 തീയതി: 17.11.06 ഏത് കെ.എസ്.ഇ. ബി. സെക്ഷൻ ഓഫീസിൽ അടച്ചുവെന്ന് വ്യക്തമല്ല.

10 എസ്.92/07 മാങ്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ അടങ്കൽ –**25000** രൂപ (15 കുതിര ശക്തി മോട്ടോറിന് O Y E C സ്കീമിൽ വൈദ്യുതി കണക്ഷൻ)

അടച്ച തുക **23875** രൂപ (ബിൽ തീയതി:16.3.07 ഡി.ഡി.നമ്പർ 701943/22.3.07)

ടി പ്രോജക്ടിന് വേണ്ടി 10% ഗുണഭോക്തൃവിഹിതം സമാഹരിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. പരിപാലന കമ്മിറ്റിയുടെ പേരിലാണോ കണക്ഷന് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

## II) കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകകൾ

1. എസ്. 041/07 പാമ്പാടി ഫയർ സ്റ്റേഷനിൽ കുഴൽകിണർ
   അടങ്കൽ – **35000**
   അടച്ച തുക – **1000** ബിൽ നമ്പർ 15/06–07/26.9.06
   **19180** ബിൽ തീയതി 27.2.07

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടില്ലാത്തതും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഉള്ളതുമായ ഫയർ സ്റ്റേഷനിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കാറ്റഗറി എ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ഇത്തരം പ്രോജക്ടിന് നിരുപാധികം അനുമതി നൽകിയ ജില്ലാ ആസൂത്രണ സമിതിയുടെ നടപടിയും ശരിയല്ല. സർക്കാരിൽ നിന്നും ആവശ്യമായ സാധൂകരണം വാങ്ങേണ്ടതാണ്.

## III) കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ (കോട്ടയം) പേരിൽ 23.3.07 ലെ ഡി.ഡി. നമ്പർ 701949 പ്രകാരം **200000** രൂപ അടവാക്കിയിട്ടുണ്ട്.

1. ചേരിക്കുന്ന് , മണ്ണൂക്കുന്ന് ഭഗങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
   (പ്രോജക്ട് നമ്പർ – എസ്. 027/07)
   അടങ്കൽ– **70000** രൂപ
   ബിൽ നം. 60/06–07/23.2.07 **70000** രൂപ
2. എസ്.025/07– മീനടം 4,11,വാർഡുകളിൽ കുടിവെള്ള പദ്ധതി
   അടങ്കൽ – **60000**
   ബിൽ നമ്പർ 60/06–07 /21.2.07 **60000** രൂപ
3. എസ്.096/07 –കുരോപ്പട–പങ്ങട ഭാഗത്ത് ടാപ്പുഴ പദ്ധതിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
   അടങ്കൽ **70000**(ഗുണഭോക്തൃവിഹിതം **7000** രൂപ ഉൾപ്പെടെ )
   ബിൽ നം: വ്യക്തമല്ല. തിയതി 16.3.07 **63000** രൂപ

ഗുണഭോക്തൃ വിഹിതം ബി.പി .എഫ്.എ–.I അക്കൗണ്ടിൽ അടച്ചിരുന്നത് പിൻവലിച്ചത്–**7000** രൂപ (ആകെ **70000** രൂപ)

ക്രമനമ്പർ 1,2 പ്രോജക്ടുകൾക്കുവേണ്ടി 10% നിരക്കിൽ ഗുണഭോക്തൃവിഹിതം സമാഹരിച്ചിട്ടില്ലെങ്കിൽ ടി തുക അടിയന്തിരമായി ഈടാക്കേണ്ടതാണ്.

മേൽ വിവരിച്ച നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ (**540580** രൂപ) **539800** രൂപ ഓഡിറ്റിൽ മേൽകാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. **780** രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3 – 4) സംയോജിത പദ്ധതികൾക്കുള്ള ഫണ്ട് കൈമാറൽ– വിനിയോഗ വിവരം ലഭ്യമല്ല.

സംയോജിത പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഔദ്യോഗിക രസീത് ലഭിച്ചിട്ടുള്ളതായും കാണുന്നില്ല. മേൽ കാരണങ്ങളാൽ താഴെക്കൊടുത്തിരിക്കുന്ന തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോ ജക്ട് നമ്പർ | പ്രോജക്ട് | ബ്ലോക്ക് വിഹിതം (രൂപ) | തുക ലഭിച്ച സ്ഥാപനം | ബിൽ നമ്പർ/തീയതി | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | എസ് 031/07 | വെള്ളൂർ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് | **30000** | പാമ്പാടി ഗ്രാമപഞ്ചായത്ത് | വ്യക്തമല്ല/ **17.1.07** | ഡി.ഡി.നമ്പർ **355762/27.1.07** **തുക** : **105000** (ഔദ്യോഗിക രസീത് ലഭിച്ചിട്ടില്ല) |
| 2 | എസ് 06/07 | മൂരിപ്പാറ ജലസേചനം | **45000** | പാമ്പാടി ഗ്രാമപഞ്ചായത്ത് | **44/16.1.07** | |
| 3 | എസ് 029/07 | വിലങ്ങുപാറ ജലസേചനം | **30000** | പാമ്പാടി ഗ്രാമപഞ്ചായത്ത് | **43/16.1.07** | |
| 4 | എസ് 024/07 | പനയ്ക്കപ്പറമ്പ് ജലസേചനം | **100000** | കൂരോപ്പട ഗ്രാമ പഞ്ചായത്ത് | **81/23.3.07** | ആകെ അടങ്കൽ: **192500** (ഔദ്യോഗിക രസീത് ലഭിച്ചിട്ടില്ല) |
| 5 | എസ് 018/07 | നടയ്ക്കവയൽ കുടിവെള്ള പദ്ധതി | **85000** | എലിക്കുളം ഗ്രാമപഞ്ചായത്ത് | വ്യക്തമല്ല/ **27.2.07** | ആകെ അടങ്കൽ : **533000** (രസീത് നമ്പർ **50/79969/ 24.3.07**) |
| 6 | എസ് 057/07 | ചാത്തമല കോളനി കുടിവെള്ള പദ്ധതി | **264740** | എലിക്കുളം ഗ്രാമപഞ്ചായത്ത് | ഡി.ഡി.നമ്പർ **701946/24.3.07** | ആകെ അടങ്കൽ : **439740** (രസീത് നമ്പർ **51/79969/ 24.3.07**) |

| | | | | | | |
|---|---|---|---|---|---|---|
| 7 | എസ് 09/07 | ചുരക്കുറ്റി, പുറക്കളം ജലസേചന പദ്ധതി | **23500** | പാമ്പാടി ഗ്രാമപഞ്ചായത്ത് | **61/06-07/ 23.2.07** | അടങ്കൽ യഥാക്രമം **11550** രൂപ, **70500** രൂപ (ഡി. ഡി.നമ്പർ **701888/15.3.07**) |
| 8 | എസ് 010/07 | പുറക്കളം ജലസേചന പദ്ധതി (ഡ്രിപ്പ് ശൃംഖല) | **23500** | | | |
| 9 | - | കൂരോപ്പട പഞ്ചായത്തിൽ സാംസ്കാരിക നിലയം | **90000** | കൂരോപ്പട ഗ്രാമ പഞ്ചായത്ത് | **42/15.1.07** ഡി.ഡി നമ്പർ **355761/27.1.07** | വിശദാംശങ്ങൾ ലഭ്യമായില്ല. |
| 10 | എസ് 047/07 | അനുപൂരക പോഷകാഹാരം | **950000** | വിവിധ പഞ്ചായത്തുകൾ | **16/26.9.06** | ആകെ അടങ്കൽ : **2850000** (എലിക്കുളം, അകലക്കുന്നം, കൂരോപ്പട, മീനടം, പാമ്പാടി, പള്ളിക്കത്തോട് പഞ്ചായത്തുകൾ |
| | | ആകെ | **1641740** | | | |

**3-5) പ്രോജക്ട് നമ്പർ: എസ് 91/07- ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തോട് ചേർന്നുള്ള വനിതാ വ്യവസായ വിപണന/ പരിശീലന കേന്ദ്രം-പദ്ധതി ആവിഷ്കരിച്ചതിൽ അപാകതകൾ**

അടങ്കൽ : **1375000**

ഏകവർഷ പ്രോജക്ടായി ആവിഷ്കരിച്ച ടി പദ്ധതി കെട്ടിട നിർമാണം (പെയിന്റിങ്ങ് വരെ) തൻവർഷം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടു. 28.2.07ൽ മാത്രം സാങ്കേതികാനുമതി (നമ്പർ 312/ബി.എൽ.ടി.സി/പാമ്പാടി/06-07) ലഭിച്ച ടി പ്രവൃത്തിയുടെ ടെൻഡർ (എസ്റ്റിമേറ്റ് നിരക്കിൽ) സ്വീകരിച്ചത് 27.3.07 ൽ മാത്രമാണ്. തൻവർഷം സ്ട്രക്ചറൽ ഡിസൈൻ ചാർജിനത്തിൽ കോട്ടയത്തുള്ള ആൻസൺ ഗ്രൂപ്പിന് **11836** രൂപ ( ഡി.ഡി. നമ്പർ 701947/22.3.07) നൽകുന്നതിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമൂലം മാറ്റിയിട്ടുള്ളതായും 07-08 ൽ വീണ്ടും സാങ്കേതികാനുമതി നൽകിയിട്ടുള്ളതായും കാണുന്നു. ഒറിജിനൽ പ്രോജക്ട് അടങ്കൽ പൂർണമായി ചെലവഴിച്ചിട്ടും ഓഡിറ്റ് തീയതിയിൽ കെട്ടിട നിർമാണം പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പദ്ധതി ഏകവർഷ പ്രോജക്ടായി ആവിഷ്കരിച്ചത് ശരിയായിരുന്നില്ലായെന്ന് വ്യക്തമാണ്.കെട്ടിട നിർമാണം പൂർത്തീകരിക്കുന്നതിന് ഇനിയും കാലതാമസം നേരിടുമെന്നും ഗണ്യമായ തുക കൂടുതലായി ചെലവഴിക്കേണ്ടി വരുമെന്നും പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുള്ള

സ്ഥിതി വ്യക്തമാക്കുന്നു. ഉത്പാദന മേഖലയിൽ ഏറ്റെടുത്തിട്ടുള്ള ടി പ്രോജക്ടിന്റെ അടിസ്ഥാന ലക്ഷ്യ മായ തൊഴിൽ പരിശീലനവും വിപണനവും എന്ന് , ഏത് രീതിയിൽ ആരംഭിക്കുമെന്നത് സംബന്ധിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയുള്ളതായി കാണുന്നില്ല. ടി പ്രോജക്ട് കേവലം കെട്ടിട നിർമാണ ത്തിൽ പരിമിതപ്പെടാതിരിക്കുന്നതിന് ഫലപ്രദമായ ആസൂത്രണവും മുന്നൊരുക്കങ്ങളും ആവശ്യമാണ്. ടി വിഷയത്തിലേക്ക് സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-6) പൊതുമരാമത്ത് പ്രവൃത്തി- സംഭരിച്ച മെറ്റൽ മുഴുവൻ വിനിയോഗിച്ചിട്ടില്ല- അധിക ചെലവു തുക നിരാകരിക്കുന്നു.

പ്രവൃത്തിയുടെ പേര് : നാണിലത്തുപടി- മാതൃമല റോഡ് ടാറിങ്ങ്
അടങ്കൽ : **200000** രൂപ
പ്രോജക്ട് നമ്പർ : എസ് 47/06
എഗ്രിമെന്റ് : 27/05-06 തീയതി : 15.2.06
എം ബുക്ക് : 7/05-06
കോൺട്രാക്ടർ : ശ്രീ. കെ.എം.ജോസഫ്
നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്

സബ് ബേസ് മെറ്റലിങ്ങിനായി ഗ്രേഡഡ് മെറ്റൽ (60 എം.എം, 36 എം.എം-യഥാക്രമം 7:3 അനുപാതത്തിൽ) സംഭരിക്കുക എന്നതാണ് ടി വേലയുടെ മൂന്നാമത്തെ ഇനമായി രേഖപ്പെടുത്തിയിരി ക്കുന്നത്. ആയത് 75 ഘനമീറ്റർ അളവിൽ സംഭരിച്ചിരുന്നതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കു ന്നു. ഇനം ആറായി ചേർത്തിട്ടുള്ള സബ് ബേസ് മെറ്റലിങ്ങ് 735.16 ച.മീ അളവിൽ മാത്രമാണ് ചെയ്തി രിക്കുന്നതെന്ന് കാണുന്നു. ഇത്രയും അളവ് മെറ്റലിങ്ങിന് ആവശ്യമായ മെറ്റൽ 73.516 ഘനമീറ്റർ മാത്രമാണ്. അധികമായി സംഭരിച്ച മെറ്റൽ പഞ്ചായത്തിൽ ഏല്പിച്ചതായും കാണുന്നില്ല. ആകയാൽ അധികമായി സംഭരിച്ച (75-73.516) 1.484 ഘനമീറ്റർ മെറ്റലിന്റെ വിലയായ (1.484×550 മീ$^3$) 816 രൂപ (കോൺട്രാക്ടർക്ക് നൽകിയത്) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കോൺട്രാക്ടറിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

| | |
|---|---|
| ആകെ മൂല്യം | **196991 രൂപ** |
| VAT : 7880<br>WF : 1970<br>IT : 3940 | **13790** |
| കോൺട്രാക്ടർക്ക് നൽകിയ തുക<br>(ബിൽ തീയതി: 31.5.06) | **183201** |

## 3-7) കോൺട്രാക്ടർക്ക് അധികമായി തുക നൽകിയിരിക്കുന്നു- അധിക ചെലവ് നിരാകരിക്കുന്നു.

പ്രവൃത്തിയുടെ പേര് : രണ്ടാം വാർഡിൽ മൂഴൂർപടി ഭാഗം പാലം പണി
അടങ്കൽ : **250000** രൂപ
പ്രോജക്ട് നമ്പർ : എസ് 049/06
എം ബുക്ക് : 11/05-06
കോൺട്രാക്ടർ : ശ്രീ. സിന്തോൾ തോമസ്

എസ്റ്റിമേറ്റ് നിരക്കിൽ പണി നടത്തിയിട്ടുള്ള ടി വേലയുടെ ആകെ മൂല്യം **231089** രൂപയാണ്. വാറ്റ് ഇനത്തിൽ **9244** രൂപയും തൊഴിലാളി ക്ഷേമനിധി ഇനത്തിൽ **2101** രൂപയും ആദായ

ദനികുതിയിനത്തിൽ **4622** രൂപയും ഉൾപ്പെടെ ആകെ **15967** രൂപ കുറവ് ചെയ്ത് കോൺട്രാക്ടർക്ക് 31.5.06 ലെ ബിൽ പ്രകാരം **215122** രൂപ നൽകിയിരിക്കുന്നതായി കാണുന്നു. കരാറുകാരന് തുക നൽകിയതിൽ നിർമാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ **2311** രൂപയും (ഒരു ശതമാനം) ആദായ നികുതിയിനത്തിൽ **4714** രൂപയും ( 2% + നികുതിയുടെ 2% വിദ്യാഭ്യാസ സെസ്) കുറവ് ചെയ്യേണ്ടതായിരുന്നു. ടിയിനത്തിൽ കുറവ് വന്ന തുക (ക്ഷേമനിധി–**210** രൂപ, ആദായ നികുതി–**92** രൂപ ) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ക്ഷേമനിധി ബോർഡിലേക്കും കേന്ദ്ര സർക്കാരിലേക്കും അടയ്ക്കേണ്ടതാണ്.

### 3 – 8) ചെലാൻ/കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല– ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട ചെലാൻ/രസീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ചെലവു തുക തടസ്സപ്പെടുത്തുന്നു.

| ഇനം | തുക അടവാക്കിയ സ്ഥാപനം | ചെക്ക് നമ്പർ | തുക |
|---|---|---|---|
| വിൽപ്പന നികുതി | സെയിൽസ് ടാക്സ് ഓഫീസ് , കോട്ടയം | **0973495/30.9.06** | **25565** |
| നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം | നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം | **0973496/30.9.06** | **6391** |
| വിൽപ്പന നികുതി , നിർമ്മാണ ക്ഷേമനിധി വിഹിതം | സെയിൽസ് ടാക്സ് ഓഫീസ് , കോട്ടയം–12265 രൂപ നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം –3067 രൂപ | **005911/29.3.07** | **15332** |
| | ആകെ | | **47228** |

ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3 – 9) എസ്.ജി.ആർ.വൈ. – ആവശ്യത്തിലധികം ഭക്ഷ്യധാന്യം നൽകിയത് സംബന്ധിച്ച്

| | | |
|---|---|---|
| മരാമത്ത്പ്രവൃത്തിയുടെ പേര് | : | വെട്ടിപ്പറത്ത് ഭാഗം മണ്ണ് സംരക്ഷണം |
| സാങ്കേതികാനുമതി നമ്പർ | : | എ 4/5296/05/ ഡി ആർ ഡി എ/കോട്ടയം /6.8.05 |
| കൺവീനർ | : | ശ്രീ. കെ.പി. ചന്ദ്രശേഖരൻനായർ |
| എഗ്രിമെന്റ് | : | 15/05–06/ തീയതി: |
| എം ബുക്ക് | : | 14/05–06 |

ടി മരാമത്ത് പണിയിൽ താഴെപ്പറയുന്ന മൂന്നിനം വേലകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| | | അളവ് |
|---|---|---|
| 1 | എർത്ത്‌വർക്ക് എസ്കവേഷൻ ഇൻ ഹാർഡ് സോയിൽ | **177.37** ഘനമീറ്റർ |
| 2 | ഡ്രൈ റബിൾ മേസണറി | **337.56** ഘനമീറ്റർ |
| 3 | സി .സി 1:2:4 (20 എം.എം. മെറ്റൽ) | **380.50** ഘന ഡെസിമീറ്റർ |

ഒന്നാം ഇനം വേല 10 ഘനമീറ്റർ അളവിൽ ചെയ്യുന്നതിനാവശ്യമായ മനുഷ്യദിനം 6.25 (4+2.25) ആകുന്നു. ആകയാൽ 177.37 ഘനമീറ്റർ വേല പൂർത്തീകരണത്തിന് ആവശ്യമായ മനുഷ്യദിനം 111 മാത്രമാണ്.

രണ്ടാം ഇനം വേല ഒരു ഘനമീറ്റർ അളവിൽ ചെയ്യുന്നതിന് ആവശ്യമായ മനുഷ്യ ദിനം 1.50 (0.8 റബിൾ മേസൺ, 0.7 പുരുഷൻ) ആകുന്നു. ആകയാൽ 337.56 ഘനമീറ്റർ അളവിൽ പ്രസ്തുത വേല നടത്തുന്നതിന് ആവശ്യമായ മനുഷ്യ ദിനം 507 മാത്രമാണ്.

മൂന്നാം ഇനം വേല 10 ഡെസിമീറ്റർ അളവിൽ ചെയ്യുന്നതിന് ആവശ്യമായ മനുഷ്യദിനം 0.047 ആകുന്നു. ആകയാൽ 380.50 ഘന ഡെസിമീറ്റർ അളവ് വേല പുർത്തീകരിക്കുന്നതിന് ആവശ്യമായ മനുഷ്യദിനം 18 മാത്രമാണ്.

ഇപ്രകാരം ടി വേലയ്ക്ക് ആകെ കണക്കാക്കാവുന്ന മനുഷ്യദിനം 636 ആകുന്നു. ആയതിന് നൽകാവുന്ന ധാന്യം 6360 കി.ഗ്രാം മാത്രമാണ്. എന്നാൽ ടി വേല നടത്തിപ്പിലേയ്ക്ക് 6400 കി.ഗ്രാം അരിയും 3400 കി.ഗ്രാം ഗോതമ്പും നൽകിയിരിക്കുന്നു. ഇപ്രകാരം അധികമായി ധാന്യം നൽകുവാൻ ഉണ്ടായ കാരണം വ്യക്തമല്ല. അധിക ധാന്യം നൽകിയത് വഴി ടി ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഉയർന്ന സബ്സിഡിയുടെ പ്രയോജനം ഇടനിലക്കാർ ദുർവിനിയോഗം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്. അധികമായി നൽകിയിട്ടുള്ള ഭക്ഷ്യധാന്യത്തിന്റെ കമ്പോള വിലയും സബ്സിഡി നിരക്കും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ആയത് ഭക്ഷ്യധാന്യ വിഹിതം കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പോവർട്ടി അലിവിയേഷൻ യൂണിറ്റ് കോട്ടയം മുഖാന്തിരം കേന്ദ്ര സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## ഭാഗം 4 – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4.1) വാർഷിക കണക്കുകളുടെ അവലോകനം

ഈ റിപ്പോർട്ടിലെ പൊതു അവലോകനത്തിൽ ചേർത്തിട്ടുള്ള പരാമർശങ്ങൾ കാണുക.

ജി.ഒ. (പി) നമ്പർ 319/2003/ഫിൻ തീയതി: 12.6.03 പ്രകാരം ആവിഷ്കരിക്കപ്പെട്ട് 1.4.04 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള നൂതന അക്കൗണ്ടിംഗ് സമ്പ്രദായം പൂർണമായ രീതിയിൽ അനുവർത്തിച്ചിട്ടില്ല. നിഷ്കർഷിച്ചിട്ടുള്ള എല്ലാ അക്കൗണ്ട് ഫോർമാറ്റുകളും സൂക്ഷിച്ചിട്ടില്ല. വരവു ചെലവു രജിസ്റ്ററുകൾ , ഡിപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ മുതലായവ സൂക്ഷിച്ചിട്ടില്ല. ഋണശീർഷ കണക്കുകൾ ശരിയായ രീതിയിൽ ക്രോഡീകരിച്ചിട്ടില്ല. പലപ്പോഴും അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നിർദ്ദേശിക്കപ്പെട്ട പ്രകാരമല്ല നടത്തിയിട്ടുള്ളത്. ഉദാഹരണമായി എസ്.ജി.ആർ. വൈ. ഭക്ഷ്യധാന്യം അലോട്ട്മെന്റ് ലഭിക്കുമ്പോൾ ബന്ധപ്പെട്ട മേജർ ഹെഡിൽ ചെലവിൽ കാണിക്കുന്നതിനാൽ ആയതിന്റെ വില വർക്ക് ബില്ലിൽ നിന്ന് വസൂലാക്കുമ്പോൾ കാഷ് ബുക്കിൽ വരവ് ഭാഗത്തും ചെലവ് രജിസ്റ്ററിൽ മൈനസ് എൻട്രിയായി ബന്ധപ്പെട്ട ചെലവ് മേജർ ഹെഡിന് താഴെ –799 സസ്പെൻസ് –99 സ്റ്റോക്ക് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തുന്നതായി കാണുന്നില്ല. നീക്കിയിരിപ്പ് തുകയുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളുമായുള്ള പൊരുത്തപ്പെടുത്തൽ ശരിയായ രീതിയിൽ നടത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളുടെ പൂർണമായ ആധികാരികത സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള സംക്ഷിപ്ത വരവ്/ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 2483843 |
| വരവ് | : | 13089611 |
| ആകെ | : | 15573454 |
| ചെലവ് | : | 11689211 |
| നീക്കിയിരിപ്പ് | : | 3884243 |

(എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യത്തിന്റെ മൂല്യം ഉൾപ്പെടെ)

കുറിപ്പ്:- ആകെ വരവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തുകകൾ പൂർണമായി കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമാകയാലും പ്രസ്തുത തുകകളുടെ വരവ് ചെലവ് കണക്കുകൾ ഈ വകുപ്പിൽ നിന്നും വിശദമായ ഓഡിറ്റിന് വിധേയമാക്കാത്തതിനാലും ഓഡിറ്റ് ചാർജ് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ല.

എസ്.ജി.എസ്.വൈ. : **149524**
ഇന്ദിരാആവാസ് യോജന : **1840400**
ഓഡിറ്റ് ചാർജ് എന്ന ഖണ്ഡികയിൽ ചേർത്തിട്ടുള്ള വരവ് : **11099687**

## 4.2) വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ)

ഇല്ല

## 4.4) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായ നികുതി | കണക്കാക്കിയിട്ടില്ല. | **18961** | കണക്കാക്കിയിട്ടില്ല. | **15075** | കണക്കാക്കിയിട്ടില്ല |
| വില്പന/വാങ്ങൽ നികുതി | കണക്കാക്കിയിട്ടില്ല | **114193** | കണക്കാക്കിയിട്ടില്ല. | **119238** | കണക്കാക്കിയിട്ടില്ല |
| നി.തൊ.ക്ഷേമനിധി വിഹിതം | കണക്കാക്കിയിട്ടില്ല. | **35935** | കണക്കാക്കിയിട്ടില്ല. | **29125** | കണക്കാക്കിയിട്ടില്ല |

രജിസ്റ്റർ പൂർണമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4.5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4.6 ഓഡിറ്റ് ചാർജ്

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ പ്രകാരമുള്ള ആകെ വരവ് : രൂപ **11099687**

<u>കുറയ്ക്കുക</u>

നിക്ഷേപം (സെക്യൂരിറ്റി നിക്ഷേപം /നിരതദ്രവ്യം) : രൂപ **127840**

മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ : രൂപ **20500**

ഗുണഭോക്തൃ വിഹിതം : രൂപ **11781**

| | | |
|---|---|---|
| ആദായ നികുതി | : രൂപ | **18961** |
| വിൽപന/വാങ്ങൽ നികുതി | : രൂപ | **114193** |
| നി.തൊ. ക്ഷേമ നിധി | : രൂപ | **35935** |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂപ | **10770477** |
| ഓഡിറ്റ് ചാർജ് അര ശതമാനം നിരക്കിൽ | : രൂപ | **53852** (പൂർണസംഖ്യയിൽ) |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂപ | **328199** |
| ആകെ | : രൂപ | **382051** |
| (–) തന്നാണ്ടിൽ ഒടുക്കിയ തുക | : രൂപ | |
| (–) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | : രൂപ | **ഇല്ല** |
| **31.3.07** ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : രൂപ | **382051** |

ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം

| വർഷം | | തുക (രൂപ) |
|---|---|---|
| **99–00** | : | **66679** |
| **00–01** | : | **47494** |
| **01–02** | : | **40131** |
| **02–03** | : | **35079** |
| **03–04** | : | **47879** |
| **04–05** | : | **41016** |
| **05–06** | : | **49921** |
| **06–07** | : | **53852** |
| ആകെ | : | **382051** |

ടി തുക **0070 – 60 – 110 – 99 – ഓഡിറ്റ് ചാർജ്** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

## 4.7 ഓഡിറ്റ് പ്രത്യവലോകനം

*എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | **13089611** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | **11689211** |
| വരവിനങ്ങളിലുള്ള നഷ്ടം | : | **ഇല്ല** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **1596** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **2766031** |

*ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| **3.3** | – | **780** | ശ്രീ. വി. വിജയൻ , സെക്രട്ടറി |
| **3.6** | – | **816** | ശ്രീ. വി. വിജയൻ , സെക്രട്ടറി |

*ബി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം*

| ഖണ്ഡിക | തുക |
|---|---|
| **3.2** | **537263** |
| **3.3** | **539800** |
| **3.4** | **1641740** |
| **3.8** | **47228** |
| **ആകെ** | **2766031** |

*സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| **3.7** | **210** | ശ്രീ. വി. വിജയൻ , സെക്രട്ടറി |
| **3.7** | **92** | ശ്രീ. വി. വിജയൻ , സെക്രട്ടറി |

*ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഖണ്ഡിക നമ്പർ : **3.5, 3.9**

***ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ***

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി. വിജയൻ , സെക്രട്ടറി | ലഭ്യമാക്കിയില്ല. | ലഭ്യമാക്കിയില്ല |

(1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 22 അനുശാസിക്കുന്നത് പ്രകാരം മേൽ ഉദ്യോഗസ്ഥന്റെ സ്ഥിരം /ഔദ്യോഗിക മേൽവിലാസം ഈ റിപ്പോർട്ട് കൈപ്പറ്റി 30 ദിവസത്തിനകം രേഖാമൂലം അയച്ചു തരേണ്ടതാണ്.)

## 4.8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96<br>96-97<br>97-98 | എൽ.എഫ്.കെ.പി1/403/99/25.1.99 |
| 98-99 | എൽ.എഫ്.കെ.പി1/1002/00/8.12.00 |
| 99-00 | എൽ.എഫ്.കെ.പി1/170/03/10.3.03 |
| 00-01<br>01-02 | എൽ.എഫ്.കെ.പി1/347/04/10.11.04 |
| 02-03 | എൽ.എഫ്.കെ.പി1/113/05/15.6.05 |
| 03-04 | എൽ.എഫ്.കെ.പി1/847/05/12.5.06/15.6.06 |
| 04-05 | എൽ.എഫ്.കെ.പി1/1089/06/20.4.07/10.5.07 |
| 05-06 | എൽ.എഫ്.കെ.പി1/710/07/17.12.07/16.1.08 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കോട്ടയം ജില്ല.**

ജെ.211008